**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **18-01-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ മാതൃഭാഷ നിലവാരം ഉയർത്താൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ ,<br>പ്രൊഫ . കെ. യു. അരുണൻ,<br>ശ്രീ. പുരുഷൻ കടലുണ്ടി,<br>ശ്രീ ഐ. ബി. സതീഷ് | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും മാതൃഭാഷ പ്രയോഗം ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടേയും മാതൃഭാഷാ നൈപുണി മെച്ചപ്പെടുത്താൻ വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. # മാതൃഭാഷാ ശേഷി വികാസത്തിന് പഠനപിന്തുണ ആവശ്യമുള്ള പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്കായി ‘മലയാളത്തിളക്കം’ എന്ന പദ്ധതി നടപ്പിലാക്കി. # വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കായി ‘കുഞ്ഞുവായന’ എന്ന വായനാ പരിപോഷണ പദ്ധതി # ഏഴാം ക്ലാസ്സുവരെയുള്ള എല്ലാ പ്രൈമറി കുട്ടികൾക്കുമായി വായനാ പരിപോഷണ പദ്ധതിയുടെ ഭാഗമായി വായനാ കാർഡുകൾ തയ്യാറാക്കി. # മൂന്ന് മുതൽ പത്ത് വരെ ക്ലാസ്സുകൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോമിലൂടെ മാതൃഭാഷയെ ശക്തിപ്പെടുത്തുന്ന വൈവിധ്യമാർന്ന പരിപാടികൾ. കോവിഡ് ഘട്ടത്തിൽ വിനിമയ സൗകര്യത്തിനായി മൊഡ്യൂളുകളുടെ ഡിജിറ്റൽ പതിപ്പുകൾ എസ്.എസ്.കെയുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. #തമിഴ്, കന്നട മീഡിയം സ്കൂളുകളിലെ കുട്ടികൾക്ക് മലയാള ഭാഷ സ്വായത്തമാക്കുന്നതിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. # 2017ലെ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി 2018 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. |
| (ബി) | മലയാള ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായുള്ള 'മലയാളത്തിളക്കം' പദ്ധതി | (ബി) | മലയാള ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി ആവിഷ്കരിച്ച ‘മലയാളത്തിളക്കം’ |

| | | | |
|---|---|---|---|
| | എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കി വരുന്നുണ്ടോ; | | എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. 2016-17 -ൽ തുടങ്ങിയ പദ്ധതി കാലാനുസൃതമായ പരിഷ്കാരം വരുത്തി ഈ അധ്യയന വർഷത്തിലും തുടർന്നു വരുന്നു. മലയാളത്തിളക്കം പദ്ധതി ആദ്യ ഘട്ടത്തിൽ നടപ്പാക്കിയതിൽ നിന്നും ലഭിച്ച അനുഭവപാഠങ്ങൾ പ്രയോജനപ്പെടുത്തി ഭാഷാ വികാസത്തിനും പരിപോഷണത്തിനുമായുള്ള പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നുണ്ട്. |
| (സി) | ഹയർ സെക്കണ്ടറി തലത്തിൽ ഏതെല്ലാം വിഷയങ്ങളുടെ പാഠപുസ്തകങ്ങളാണ് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുള്ളത്; | (സി) | ഹയർ സെക്കണ്ടറി വിഭാഗത്തിലെ 26 കോർ വിഷയങ്ങളുടെ ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും 74 ടെറ്റിൽ പാഠപുസ്തകങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പരിഭാഷ ചെയ്ത പാഠപുസ്തകങ്ങൾ "സമഗ്ര" വിദ്യാഭ്യാസ പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് പിന്തുടരുന്ന എല്ലാ സ്കൂളുകളും മലയാള ഭാഷ പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2017ലെ മലയാള ഭാഷാ പഠന അക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി 2018 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സിലബസ് പിൻതുടരുന്ന എല്ലാ സ്കൂളുകളിലും മലയാള ഭാഷ പഠിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നത് ഉറപ്പ് വരുത്തുന്നതിന് വിദ്യാഭ്യാസ ഓഫീസർ സന്ദർശനം നടത്തി പരിശോധിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ